www.modelquestionpapers.in

**A** **705**

വിദ്യാലയ അവകാശം
സർവ ശിക്ഷാ അഭിയാൻ

# അർദ്ധവാർഷിക മൂല്യനിർണയം 2017–18

## സാമൂഹ്യശാസ്ത്രം

സ്റ്റാൻഡേർഡ് – 7 സമയം: 2 മണിക്കൂർ

**നിർദേശങ്ങൾ**

1. ആദ്യത്തെ 15 മിനുട്ട് ചോദ്യങ്ങൾ നന്നായി വായിച്ച് മനസിലാക്കാനുള്ളതാണ്. (സമാശ്വാസ സമയം)
2. 10 പ്രവർത്തനങ്ങൾ ഉള്ളതിൽ നന്നായി അറിയാവുന്ന 8 പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി
3. തെരഞ്ഞെടുക്കുന്ന പ്രവർത്തനങ്ങളുടെ എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരം എഴുതാൻ ശ്രമിക്കേണ്ടതാണ്.

**പ്രവർത്തനം 1**

- വിലക്കയറ്റം പിടിച്ചു നിർത്തും
- അരിക്ഷാമം പരിഹരിക്കുവാൻ ആന്ധ്രയിൽ നിന്ന് അരി എത്തിക്കും
- അമിതകീടനാശിനി - പ്രയോഗം അതിർത്തിയിൽ പച്ചക്കറിവണ്ടി തടഞ്ഞു
- തരിശായികിടക്കുന്ന കൃഷിഭൂമികൾ ഏറ്റെടുത്ത് കൃഷി ചെയ്യാൻ തീരുമാനിച്ചു

എ) മുകളിൽ കൊടുത്തിരിക്കുന്ന പത്രവാർത്തകൾ ശ്രദ്ധിച്ചല്ലോ. കേരളത്തിലെ ഭക്ഷ്യോൽപാദന മേഖല നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ്?

ബി) നിങ്ങൾ കണ്ടെത്തിയ പ്രശ്നങ്ങൾ പരിഹരിക്കുവാൻ എന്തെല്ലാം നിർദേശങ്ങളാണ് മുന്നോട്ടുവയ്ക്കാൻ ഉള്ളത്?

സി) ഭക്ഷ്യസുരക്ഷ എന്നാൽ എന്ത്?

**പ്രവർത്തനം 2**

**ഇന്ത്യയിൽ വിവിധ സാമ്പത്തിക മേഖലകളിലെ തൊഴിൽ ലഭ്യതയുടെ ശതമാനം**




എ) മുകളിൽ കൊടുത്തിരിക്കുന്ന ബാർ ഡയഗ്രം അപഗ്രഥിച്ച് ഇന്ത്യയിലെ വിവിധ സാമ്പത്തിക മേഖലകളിലെ തൊഴിൽ ലഭ്യതയെക്കുറിച്ച് എന്തെല്ലാം കാര്യങ്ങൾ കണ്ടെത്താം?

ബി) നമുക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ ഉത്പാദിപ്പിക്കുന്ന മേഖല ഏത്?

പ്രവർത്തനം 3

> *അതിർത്തിക്കപ്പുറത്തുള്ള സൈനിക നീക്കം കൃത്യമായി മനസിലാക്കാൻ നമ്മുടെ സൈന്യത്തിന് സാധിച്ചു.*

*ഭൂപടങ്ങളുടെ പ്രാധാന്യം പ്രയോജനപ്പെടുത്തുന്ന ഒരു പ്രധാന മേഖലയാണ് പ്രതിരോധമേഖല.*

എ) ഭൂപടങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുന്ന ഏതെങ്കിലും മറ്റ് 4 മേഖലകളുടെ പേരെഴുതി ആ മേഖലകളിലെ ഭൂപടങ്ങളുടെ ഉപയോഗം വിശദീകരിക്കുക.

ബി) ആധുനിക ഭൂപടനിർമാണത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന വ്യക്തി ആരാണ്?

പ്രവർത്തനം 4

എ) സ്കെച്ച്, പ്ലാൻ, ഭൂപടം എന്നിവയുടെ സവിശേഷതകളുമായി താഴെ തന്നിരിക്കുന്ന വസ്തുതകൾ താരതമ്യം ചെയ്ത് പട്ടിക ശരിയായി ക്രമീകരിക്കുക.

| എ | ബി |
|---|---|
| എ) ഭൂപടം | 1. ഒരു പ്രദേശത്തിന്റെ വിവരങ്ങൾ കൃത്യമായ അളവുകൾ, സ്ഥാനം, രേഖപ്പെടുത്തിയിട്ടുണ്ട്. |
| ബി) സ്കെച്ച് | 2. വിസ്തൃതി കൂടിയ പ്രദേശങ്ങളുടെ കൃത്യവും വ്യക്തവുമായ ചിത്രീകരണം. |
| സി) പ്ലാൻ | 3. ഒരാളുടെ ഓർമയിൽ നിന്ന് വരച്ചെടുത്ത ചിത്രങ്ങൾ |

ബി) താഴെ നൽകിയിരിക്കുന്ന നിർദേശങ്ങൾ പാലിച്ച് രാമുവിന്റെ ക്ലാസ്സ് മുറിയുടെ സ്കെച്ച് തയാറാക്കി രാമുവിന്റെ ഇരിപ്പിടം അടയാളപ്പെടുത്തുക.

- ക്ലാസിന്റെ വടക്കു വശത്ത് മധ്യഭാഗത്താണ് ബോർഡ് സ്ഥാപിച്ചിരിക്കുന്നത്.
- ക്ലാസിന്റെ രണ്ടുവശങ്ങളിലായി മൂന്നുവീതം ബഞ്ചുകളാണ് ക്രമീകരിച്ചിരിക്കുന്നത്.
- രാമു ക്ലാസ്സിന്റെ കിഴക്കുഭാഗത്ത് ഏറ്റവും പിന്നിലത്തെ ബഞ്ചിൽ വലത്തെ അറ്റത്താണ് ഇരിക്കുന്നത്.

പ്രവർത്തനം 5

- അനിയന്ത്രിതമായ മണൽ വാരൽ തീരങ്ങൾ ഇടിഞ്ഞു വീഴുന്നു
- കുഴൽകിണറുകൾ വ്യാപകമാകുന്നു. കിണറുകൾ വറ്റി വരളുന്നു.
- കുന്നുകൾ ഇടിച്ച് നിരപ്പാക്കി കായലിന്റെ ജലലഭ്യത കുറയുന്നു.

- മനുഷ്യൻപരിസ്ഥിതിയുടെ മേൽ ഏൽപിക്കുന്ന ആഘാതങ്ങൾ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധിച്ചല്ലോ.

എ) മുകളിൽ സൂചിപ്പിച്ച ഓരോ പ്രശ്നങ്ങൾ മൂലവും ഉണ്ടാകാവുന്ന ഭവിഷ്യത്തുകൾ (പാരിസ്ഥിതികമായവ) വിശദമാക്കുക.

ബി) പരിസ്ഥിതി സംരക്ഷണത്തിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നമുക്കുചെയ്യാൻ കഴിയുന്നത്? ഒരു കുറിപ്പുതയാറാക്കുക. (മണ്ണ് സംരക്ഷണം, ജൈവവൈവിധ്യം തുടങ്ങിയ മേഖലകൾ പരിഗണിക്കാവുന്നതാണ്.)

**പ്രവർത്തനം 6**

*"ജീവജാലങ്ങളുടെ നിലനിൽപ്പിന് ശുദ്ധജലം ആത്യന്താപേക്ഷിതമാണ്."*

എ) ഭൗമോപരിതലത്തിന്റെ മൂന്നിൽ രണ്ടു ഭാഗവും ജലമാണ്. ജലം അമൂല്യമാണ്. ജലം സംരക്ഷിക്കണമെന്നുപറയാൻ കാരണമെന്ത്?

ബി) പ്രകൃതിയിൽ മനുഷ്യന്റെ വിവേക രഹിതമായ ഇടപെടലുകൾ ജലദൗർലഭ്യത്തിനു കാരണമാകുന്നു. ശാസ്ത്രീയമായി ജലം സംരക്ഷിക്കുവാനുള്ള ഏതെങ്കിലും നാലു മാർഗങ്ങൾ എഴുതുക.?

**പ്രവർത്തനം 7**

**"ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്"**

എ) ശ്രീനാരായണഗുരു പ്രചരിപ്പിച്ച ആശയമാണ് മുകളിൽ പറഞ്ഞിരിക്കുന്നത്. അദ്ദേഹത്തിന്റെ സന്ദേശങ്ങളും പ്രവർത്തനങ്ങളും കേരളസമൂഹത്തിൽ പലവിധ മാറ്റങ്ങൾക്ക് വഴിയൊരുക്കി. അദ്ദേഹത്തിന്റെ ഏതെല്ലാം പ്രവർത്തനങ്ങളാണ് സാമൂഹ്യമാറ്റത്തിന് വഴിയൊരുക്കിയത്. ?

ബി) കേരളത്തിലെ സാമൂഹിക മാറ്റത്തിനായി വക്കം അബ്ദുൾ ഖാദർ മൗലവി സ്ഥാപിച്ച പത്രം ഏത്? സ്വദേശാഭിമാനി

**പ്രവർത്തനം 8**

എ) നിയമം മൂലം നിരോധിച്ചിട്ടും സ്ത്രീധനസമ്പ്രദായം കേരളത്തിൽ നിലനിൽക്കുന്നു. സ്ത്രീധനസമ്പ്രദായത്തിനെതിരെ ജനങ്ങളെ ബോധവത്കരിക്കുന്നതിനു വേണ്ടി പോസ്റ്റർ/മുദ്രാഗീതം തയാറാക്കുക.

ബി) സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരളത്തിൽ സ്ത്രീകൾ നേതൃത്വം നൽകിയ ആദ്യകാല സമരങ്ങളെ കുറിച്ച് ഒരു കുറിപ്പുതയാറാക്കുക.

**പ്രവർത്തനം 9**

എ) ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യയിൽ നിരവധി സമരങ്ങൾ നടന്നിട്ടുണ്ട്. ഗാന്ധിജി നേതൃത്വം നൽകിയ ചില സമരങ്ങൾ താഴെ കൊടുത്തിരിക്കുന്നു. അവയുടെ പ്രത്യേകതകൾ എഴുതുക.

| സമരങ്ങൾ | പ്രത്യേകതകൾ |
|---|---|
| ഖേഡ സമരം | നികുതി നിഷേധ സമരം.<br>നികുതിയിൽ ഇളവ് ആവശ്യപ്പെട്ടു.<br>വെള്ളക്കാരുടെ ചൂഷണത്തിനെതിരെയുള്ള സമരം. |
| ചമ്പാരൻ സമരം | |
| ഉപ്പു സത്യാഗ്രഹം | |
| ക്വിറ്റിന്ത്യാ സമരം | |

ബി) ഗാന്ധിയൻ സമരങ്ങളുടെ പൊതുവായ രണ്ടു പ്രത്യേകതകൾ എഴുതുക.

പ്രവർത്തനം 10

"നിങ്ങൾ എനിക്കു രക്തം തരൂ ഞാൻ നിങ്ങൾക്ക് സ്വാതന്ത്ര്യം തരാം"- സുഭാഷ് ചന്ദ്രബോസ്

എ) ഇന്ത്യൻ നാഷണൽ ആർമിയുടെ (INA) സ്ഥാപകൻ ആരാണ്?

ബി) ഗാന്ധിയൻ സമരരീതികളിൽ നിന്ന് സുഭാഷ് ചന്ദ്രബോസിന്റെ സമരരീതികൾ എങ്ങനെ വ്യത്യാസപ്പെട്ടിരുക്കുന്നു ?. വിശദമാക്കുക?

സി) സ്വാതന്ത്ര്യം കാത്തു സൂക്ഷിക്കേണ്ടത് ഓരോ ഇന്ത്യക്കാരന്റെയും കടമയാണ്. ഒരു വിദ്യാർഥി എന്ന നിലയിൽ സ്വാതന്ത്ര്യം കാത്തു സൂക്ഷിക്കാൻ നിങ്ങൾക്ക് എന്തെല്ലാം ചെയ്യാൻ കഴിയും? ഒരു കുറിപ്പ്തയാറാക്കുക.